(ബി) ബാങ്കുകൾ നിക്ഷേപത്തേയും വായ്പയേയും കുറിക്കുന്ന കണക്കുകൾ വെളിപ്പെടുത്തുന്നത് വാർഷികാടിസ്ഥാനത്തിലല്ല. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ 1998 മാർച്ച് 31-ലെ കണക്കനുസരിച്ച് 27552.1 കോടി രൂപയുടെയും 1999 മാർച്ച് 31-ലെ കണക്കനുസരിച്ച് 31531.8 കോടി രൂപയുടേയും നിക്ഷേപമുണ്ടായിരുന്നു.

(സി) 1998 മാർച്ച് 31-ലെ കണക്കനുസരിച്ച് കാർഷിക മേഖലയിൽ 1814 കോടി രൂപയുടേയും വ്യാവസായിക മേഖലയിൽ 1558 കോടി രൂപയുടേയും 1999 മാർച്ച് 31-ലെ കണക്കനുസരിച്ച് കാർഷികമേഖലയിൽ 1951 കോടി രൂപയുടേയും വ്യാവസായിക മേഖലയിൽ 1783 കോടി രൂപയുടേയും വായ്പ നൽകി.

(ഡി) സംസ്ഥാനത്തെ പ്രമുഖ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം അനുബന്ധമായി നൽകിയിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

26 (*82) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് വേണ്ടി നികുതിഘടന പരിഷ്ക്കരിച്ചും നികുതി ചോർച്ച തടഞ്ഞും വിൽപന നികുതിയിനത്തിൽ കുടിശ്ശികയായിക്കിടക്കുന്ന തുകകൾ ഊർജ്ജിതമായി പരിച്ചെടുക്കുന്നതിന് സമയബന്ധിത പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആദായനികുതി, കസ്റ്റംസ് തീരുവ, എക്സൈസ് തീരുവ, കമ്പനി നികുതി എന്നിവ പരിഷ്ക്കരിക്കാൻ കേന്ദ്രത്തിന് ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) വിൽപ്പനനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കേന്ദ്രഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടതായ കേന്ദ്രനികുതി വിഹിതം വർദ്ധിപ്പിക്കാൻ ദേശീയ വികസന കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) 9-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തിന്റെ വികസന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സംസ്ഥാനത്ത് നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ 9-ാം പദ്ധതിക്കാലത്ത് എത്ര തുകയുടെ മൂലധനനിക്ഷേപവും വിഭവസമാഹരണവും സംസ്ഥാനത്ത് നടത്താനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) ഉണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചരക്കുകൾ, വാഹനങ്ങൾ എന്നിവ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

2. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, പാഴ്സൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

3. നികുതിവെട്ടിപ്പ് സംബന്ധിച്ച് വിവരം ലഭിച്ചു കഴിഞ്ഞാൽ വ്യാപാര സ്ഥലങ്ങൾ പരിശോധിച്ച് നികുതിവെട്ടിപ്പു കണ്ടുപിടിച്ച് ചോർച്ച തടയുന്നു.

4. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് അസസിംഗ് ആഫീസേഴ്സ് കോൺഫറൻസ് വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരച്ചെടുക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നു.

5. വിൽപന നികുതി നിയമം 23(എ) വകുപ്പുപ്രകാരം പലിശയിൽ ഇളവു അനുവദിച്ചിട്ടുണ്ട്. ഈ വകുപ്പു പ്രകാരം കമ്പനികളും വർക്സ് കോൺട്രാക്ടർമാരും ഒഴികെയുള്ള ഡീലർമാർക്ക് 31.1.2000 നു മുൻപ് കുടിശ്ശിക അടയ്ക്കുകയാണെങ്കിൽ അവരുടെ പലിശ മുതലിനു തുല്യമായി നിജപ്പെടുത്തുകയും പലിശയുടെ 60% വരെ ഇളവ് ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഭരണഘടനാ ഭേദഗതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഈ നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 52,000 കോടി രൂപ സമാഹരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 26,000 കോടി രൂപ പൊതു നിക്ഷേപമായിരിക്കണം.

27 (*83) അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഈ തുക ഏതൊക്കെ മേഖലകളിലാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി പ്രത്യേക സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly